# നെയ്യാർ

കേരളത്തിലെ ഏറ്റവും തെക്കേ അറ്റത്തുള്ള വന്യജീവി സങ്കേതമാണ് നെയ്യാർ, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽപ്പെടുന്ന 128 ച.കി.മീറ്റർ പ്രദേശമാണ് സംരക്ഷിത മേഖല. 1958 - ൽ ഈ പ്രദേശത്തെ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. കടുവ, ആന, കാട്ടുപോത്ത്, കേഴമാൻ, മുള്ളൻപന്നി തുടങ്ങിയ വന്യജീവി സമ്പത്തിനാൽ സമൃദ്ധമാണ് ഇവിടം. ശ്രീലങ്കയിലെ ആദം മലനിരകളിലെ സസ്യജനുസ്സുകളുമായി ഇവിടത്തെ സസ്യജാലത്തിന് അടുത്ത ബന്ധമുണ്ട്. ഈ വനമേഖലയിലാണ് കേരളത്തിലെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടിയായ അഗസ്ത്യാർകൂടം സ്ഥിതിചെയ്യുന്നത്. ഇക്കോടൂറിസം കേന്ദ്രമായ ഇവിടെയാണ് കേരളത്തിലെ ഏക ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നത്. കൂടാതെ നെയ്യാറിലൂടെയുള്ള ബോട്ട് യാത്ര, ചീങ്കണ്ണി വളർത്തൽ കേന്ദ്രം, മാൻ വളർത്തൽ കേന്ദ്രം എന്നിവ സഞ്ചാരികളെ ആകർഷിക്കുന്നവയാണ്. തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷന്റെ ഭരണനിയന്ത്രണത്തിലാണ് ഈ സങ്കേതം.

ആയിരത്തിൽപ്പരം സപുഷ്പിസസ്യങ്ങൾ, 43 ഇനം ഉഭയജീവികൾ, 27 ഇനം മത്സ്യങ്ങൾ, 109 ഇനം ചിത്രശലഭങ്ങൾ, 90 ഇനം നിശാശലഭങ്ങൾ തുടങ്ങി ഇവിടുത്തെ സസ്യജന്തു സമ്പത്ത് വളരെ വൈവിധ്യം നിറഞ്ഞതാണ്. ഏറ്റവും അടുത്ത റൗൺകള്ളിക്കാടാണ് (5കിമീറ്റർ) റെയിൽവേ സ്റ്റേഷനും (33 കി.മീറ്റർ) എയർപോർട്ടും (43കി.മീറ്റർ) ഏറ്റവും അടുത്തുള്ള നഗരമായ തിരുവനന്തപുരത്താണ്.



| | | |
|---|---|---|
| വിസ്തീർണ്ണം | - | 128 ച.കി.മീറ്റർ |
| വർഷപാതം | - | 2800 മി.മീറ്റർ (ശരാശരി) |
| ഊഷ്മാവ് | - | $16^0$ - $35^0$C |
| സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | - | 90-1868 മീറ്റർ |
| സന്ദർശന കാലം | - | ഒക്ടോബർ - ഫെബ്രുവരി |

ആദിവാസികളായ കാണിക്കാരുടെ സെറ്റിൽമെന്റുകൾ നെയ്യാർ സങ്കേതത്തിലുണ്ട്. സഞ്ചാരികൾക്കായി ഇക്കോടൂറിസം സൗകര്യങ്ങൾ വിപുലമായ തോതിൽ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. താമസ സൗകര്യത്തിനായി ഫോറസ്റ്റ് ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഡോർമിറ്ററി എന്നിവ ലഭ്യമാണ്.


കൂടുതൽ വിവരങ്ങൾക്ക്

വൈൽഡ്ലൈഫ് വാർഡൻ,

നെയ്യാർ വൈൽഡ്ലൈഫ് സാങ്ച്വറി,

നെയ്യാർ ഡാം.പി.ഒ., തിരുവനന്തപുരം

04712360762, 94479 79082





